# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **March 2016** **No.12**

# എഡിറ്റോറിയൽ

ഈ ലോക ജീവിതത്തിൽ നമുക്ക് വിജയം ആവശ്യമാണ്. എല്ലാവരും വിജയം ആഗ്രഹിക്കുന്നു,പക്ഷെ ലഭിക്കുന്നത് പരാജയമാണ്. എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ഓരോരുത്തരും തങ്ങളുടെ വ്യക്തി ജീവിതത്തെ മനസിലാക്കണം. അനുഭവമാണ് ആളുകളെ പലതും പഠിപ്പിക്കുന്നത് എന്നു പറഞ്ഞു കേൾക്കാറുണ്ട്. എത്ര അനുഭവിച്ചാലും പഠിക്കാത്തവരും കാണും. സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയുവാനുള്ള വിവേകം എല്ലാവർക്കും വേണം. വാസ്തവത്തിലുള്ള വിവേകം എന്നു പറയുന്നത് പരിശുദ്ധനെ കുറിച്ചുള്ള പരിജ്ഞാനമാണ്. പരിശുദ്ധൻ ഏക സത്യ ദൈവമാണ്. ആ ദൈവത്തെ കുറിച്ചുള്ള യഥാർത്ഥ അറിവാണ് നമ്മെ വിവേകമുള്ളവരാക്കുന്നത്. നമ്മുടെ സ്വന്തം ബുദ്ധിയാലോ ലൗകികവിദ്യാഭ്യാസത്താലോ അതു ലഭിക്കുകയില്ല. ലോകപ്രകാരം എത്ര പാണ്ഡിത്യം ലഭിച്ചാലും അവർക്ക് ശരിയായ വിവേകം ഉണ്ടാകണമെന്നില്ല. മഹാന്മാരായി തീർന്നിട്ടുള്ള ഏതൊരു വ്യക്തിയെ നോക്കിയാലും അവർക്ക് ലഭിച്ചതായ ആ മേന്മ ദൈവത്തിൽ നിന്നു ലഭിച്ചതാണ്. ദൈവം തന്റെ സൃഷ്ടികളായ മനുഷ്യരെ എല്ലാവരേയും ഒരുപോലെ കണക്കാക്കുന്നു. അവർക്ക് തന്റെ നീതി തുല്യമായി നൽകുകയും ചെയ്യുന്നു. കാരണം നമ്മുടെ സൃഷ്ടികർത്താവായ ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല.

മുഖപക്ഷം കാണിക്കുന്നത് അനീതിയാണെന്ന് എല്ലാവരും പറയും. പക്ഷെ സ്വന്തം കാര്യത്തിൽ വരുമ്പോൾ അത് അനീതിയാണെന്ന് വിചാരിക്കുകയില്ല. അതാണ് മനുഷ്യരുടെ കുഴപ്പം. അനീതി പ്രവർത്തിക്കു

ന്നവർക്ക് ദൈവകോപമാണ് ലഭിക്കുന്നത്. നീതിയും ന്യായവും ദയയും കരുണയും അന്യോന്യം പ്രകടിപ്പിക്കുവാനാണ് ദൈവം പഴയ നിയമ കാലത്ത് കൽപിച്ചിരുന്നത്. പത്തു കല്പനകളും മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണവും ദൈവം മനുഷ്യർക്ക് കൊടുത്തത് ഈ ഭൂമിയിൽ അവർ സ്വൈര്യമായി ജീവിക്കുന്നതിനായിരുന്നു. പക്ഷെ ആളുകൾക്ക് ദൈവ കൽപനപ്രകാരം ജീവിക്കുവാൻ കഴിയാതെ വന്നു. ലോകത്തോടുള്ള അവരുടെ ഭ്രമമാണ് അന്നും ഇന്നും ആളുകൾക്ക് ദൈവത്തിന് കീഴ്പ്പെട്ട് ജീവിക്കുവാൻ തടസമായി നിൽക്കുന്നത്. ലോകം ആളുകളെ ആകർഷിക്കുകയാണ് അതുപോലെ തന്നെ ജഡത്തിന്റെ ഇഛകളും അവരെ വഴി തെറ്റിക്കുകയാണ്.

നാം നേരും നെറിയുമുള്ള ജീവിതം നയിക്കുവാൻ ശ്രമിക്കണം. യഥാർത്ഥ ജീവിത മാർഗം ദൈവം മനുഷ്യനു നൽകിയിരിക്കുന്നതാണ്. ആ പാത ആളുകൾ തിരിച്ചറിയണം. നാം ജീവിക്കുന്ന ഈ കാലയളവ് പുതിയ നിയമ കാലയളവാണ്. ഓരോരുത്തരും ഇന്ന് വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും ക്രിസ്തുവിന്റെ പുതിയ നിയമമാണ്. നമ്മുടെ നന്മക്കായി കർത്താവ് കൽപിച്ചിട്ടുള്ള എല്ലാ കൽപനകളും നാം വായിച്ച് അതിൻപ്രകാരം ജീവിക്കുവാൻ ആരംഭിച്ചാൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയും. ശരിയായ തീരുമാനം എടുക്കുവാൻ കഴിയണമെന്നുണ്ടെങ്കിൽ കർത്താവ് നമ്മുടെ ബുദ്ധിയെ തുറക്കണം. ദൈവസഹായം കൂടാതെ നമുക്ക് ജീവിതത്തിൽ വിജയിക്കുവാൻ സാധ്യമല്ല. യേശു ഈ ലോകത്തിൽ ജീവിച്ച് പാപത്തെയും ലോകത്തെയും പിശാചിനെയും ജയിച്ചു. വിശ്വാസത്താലായിരുന്നു അവൻ വിജയിച്ചത്. അവന്റെ ജീവിതം മുഴുവനും വിജയമായിരുന്നു. സകലവും അവന്റെ കാൽക്കീഴിലാകുവോളം അവൻ വാഴേണ്ടതാണ്. ക്രിസ്തു ഇന്ന് ഹൃദയങ്ങളെ വാണുകൊണ്ടിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തെ കർത്താവ് വാഴുകയാണെങ്കിൽ നിങ്ങൾ ജീവിതത്തിൽ വിജയിക്കും. പണമോ സാമൂഹ്യമേന്മയോ പ്രസിദ്ധിയോ ഒന്നുമല്ല വാസ്തവത്തിൽ നിലനിൽക്കുന്ന വിജയം. ആത്മാവിനെ ദൈവകരങ്ങളിൽ ഏൽപിക്കുവാൻ കഴിയുക എന്നതാണ്. അതിന് ഹൃദയപൂർവ്വം കർത്താവിലും അവന്റെ വചനത്തിലും വിശ്വസിച്ച് പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് യേശു ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞ് പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുക. അപ്പോൾ കർത്താവ് നിങ്ങളെ രക്ഷിക്കും.

✶

# സഭയുടെ ഐക്യത

## *J.C.* ചോട്ട്

മുമ്പെങ്ങുമില്ലാത്ത വിധത്തിൽ മതപരമായ ലോകം സഭകളുടെ ഐക്യതക്കായി ദാഹിക്കുകയും പ്രസ്താവനകൾ നടത്തുകയും ചർച്ചകൾക്ക് വേദി ഒരുക്കുകയും ചെയ്യുന്നു. ഒരു പക്ഷെ ക്രിസ്ത്യാനിത്വത്തിനു നേരെ ഉണ്ടാകുന്ന അക്രമങ്ങളായിരിക്കാം ഈ ഉദ്യമത്തിനു പിന്നിൽ. അതെന്തായാലും ഐക്യത അനിവാര്യമായ ഘടകം തന്നെയാണ്. ഒരു വീട് ആയാലും സമൂഹമായാലും, രാജ്യമായാലും യോജിപ്പ് അത്യാവശ്യമാണ്. ഒരുമ നമുക്ക് ബലം തരുന്നതാണ്. അതിനു വിരുദ്ധമായാണ് സാത്താൻ ദൈവത്തെയും മനുഷ്യരെയും തമ്മിൽ ഭിന്നിപ്പിക്കുന്നത്. എക്യുമിനിക്കൽ ഗ്രൂപ്പുകൾ അവിടവിടെ കൂടി ഐക്യതയെ കുറിച്ച് സംസാരിച്ചുകേൾക്കുന്നുണ്ട്. ഇന്ന് ധാരാളം നാമധേയ വിഭാഗങ്ങൾ ലോകത്തിലെമ്പാടും കാണപ്പെടുന്നു. പലരും അതെല്ലാം കണ്ടും കേട്ടും മടുത്തിരിക്കുകയാണ്.

നാമധേയ വിഭാഗങ്ങളും മതസംഘടനകളും പലപ്പോഴും യോജിക്കുന്നത് വിയോജിക്കുവാനാണ്. അവരുടെ ഭിന്നതകൾ നീങ്ങുന്നില്ല എന്നർത്ഥം. ഏതാനും കാര്യങ്ങളിൽ വിഭാഗങ്ങൾ യോജിക്കുകയും പല കാര്യങ്ങളിലും വിയോജിപ്പുകൾ നിലനിർത്തുകയും ചെയ്താൽ അത് ഐക്യതയല്ലല്ലൊ. അപ്പോൾ പിന്നെ എന്താണ് മാർഗം? പ്രശ്നപരിഹാരം ബൈബിൾ തന്നെയാണ്. ആളുകൾ തങ്ങളുടെ ആചാരങ്ങളും, പഠിപ്പിക്കലും, ഉപദേശങ്ങളും, പേരുകളും സഭകളും, വിശ്വാസപ്രമാണങ്ങളുമെല്ലാം മാറ്റി വെച്ച് ബൈബിൾ മാത്രം എടുക്കണം. കാരണം ദൈവശ്വാസിയമായി നൽകിയിരിക്കുന്ന വചനമാണ് നാം നിയമമായി എടുക്കേണ്ടത്. പുതിയ നിയമവും അതിലെ ക്രിസ്തുവിന്റെ ഉപദേശങ്ങളുമായിരിക്കണം നാം പിൻപറ്റേണ്ടത്. ആ ഒരു നിശ്ചയദാർഢ്യമായിരിക്കണം എല്ലാവരിലും ഉണ്ടാകേണ്ടത്, അതിന് ആവശ്യമായ ഉറച്ച നിലപാട് എടുക്കുകയാണെങ്കിൽ നാം ദൈവത്തെ ബഹുമാനിക്കുകയായിരിക്കും ചെയ്യുന്നത്.

ദൈവ വചനം വായിച്ച് മനസിലാക്കി വിശ്വസിച്ച് അനുസരിക്കുക. അതിനപ്പുറമോ ഇപ്പുറമോ നാം ചിന്തിക്കരുത്. എഴുതിയിരിക്കു

ന്നതിനപ്പുറം നാം ഭാവിക്കരുത്. യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ യേശു ഈ ഭൂമിയിലായിരുന്നപ്പോൾ പ്രാർത്ഥിച്ച ഒരു പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു. വാസ്തവത്തിലുള്ള ഐക്യതക്ക് വേണ്ടി യായിരുന്നു യേശു അന്ന് പ്രാർത്ഥിച്ചത്. സഭ വിഭാഗിക്കപ്പെടുമെന്ന് കർത്താവിന് അറിയാമായിരുന്നു. അക്കാരണത്താലായിരുന്നു കർത്താവ് പ്രാർത്ഥിച്ചത്. എല്ലാവരും പുതിയനിയമത്തിലേക്ക് വരു മ്പോൾ, എല്ലാവരും ഒന്നു തന്നെ വിശ്വസിക്കുകയും, അനുസരി ക്കുകയും ഉപദേശിക്കുകയും ഒരേ വിധത്തിൽ ആരാധിക്കുകയും ബൈബിളിൽ പറയുന്ന പേരുകളിൽ അറിയപ്പെടുകയും ചെയ്യും. ഭിന്നതകൾ ഒഴിവാക്കുവാൻ ദൈവം ആജ്ഞാപിച്ചിരിക്കുന്നത് പാലി ക്കുകയല്ലാതെ മറ്റൊരു മാർഗമില്ല. എല്ലാവരും ദൈവത്തിന് കീഴ്പ്പെ ടണം എന്നർത്ഥം. മനുഷ്യർക്കോ മനുഷ്യ തലവന്മാർക്കോ കീഴ്പ്പെ ടുന്നത് ദൈവേഷ്ടമല്ല.

മനുഷ്യൻ മനുഷ്യനെ പിൻപറ്റുന്നത് ഒഴിവാക്കി ക്രിസ്തുവിനെ അനുഗമിക്കുക എന്നത് വളരെ ലളിതമായ കാര്യമാണ്. അങ്ങനെ പിതാവും പുത്രനായ ക്രിസ്തുവും ഒന്നായിരിക്കുന്നതുപോലെ നമുക്കും ഒന്നായി തീരാം. അങ്ങനെ അവനോടുള്ള വിശ്വസ്തത അവസാനത്തോളം സൂക്ഷിച്ചാൽ നമുക്ക് എല്ലാവർക്കും യോജിച്ച് സ്വർഗത്തിൽ പോകയും ചെയ്യാം. ഭിന്നതയെ തിരുവെഴുത്തിൽ ഖണ്ഡിച്ചിരിക്കുകയാണ്. സഹോദരന്മാർക്കിടയിൽ വഴക്കും ഭിന്ന തയും ഉണ്ടാക്കുന്നവരെ ദൈവം വെറുക്കുന്നു എന്നാണ് തിരുവെ ഴുത്ത് പറയുന്നത് (സദൃശവാക്യങ്ങൾ 6:19). കൊരിന്ത്യാ സഭയിൽ ഭിന്നിപ്പുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നു. അത് വേരിൽ തന്നെ നുള്ളിക്കളയുവാനായിരുന്നു പൗലൊസ് ശ്രമിച്ചത്. “സഹോദരന്മാരേ നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു” (1 കൊരിന്ത്യർ 1:10).

പിന്നീട് പൗലൊസ് മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നു: ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശി ക്കപ്പെട്ടുവോ? അല്ല, പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ? ആ മൂന്നു ചോദ്യങ്ങൾക്കും അവർക്ക് നിഷേധാത്മക

മായി മാത്രമെ ഉത്തരം നൽകുവാൻ കഴിയുമായിരുന്നുള്ളു. അങ്ങനെ അവരുടെ ഭിന്നതയുടെ അർത്ഥശൂന്യത അവൻ വ്യക്തമാക്കി കൊടുത്തു. അതേ അപ്പൊസ്തലൻ തന്നെ റോമർക്ക് ലേഖനം എഴുതിയപ്പോൾ പറഞ്ഞു, "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശരൂപത്തിന്നു വിപരീതമായ ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയല്ല, തങ്ങളുടെ വയറ്റിനെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞ് സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു" (റോമർ 16:17, 18).

കൊലൊസ്യർ 2:20-22 ൽ നാം വായിക്കുന്നു, "നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെ പോലെ മാനുഷകൽപനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നത് എന്ത്? ഇതെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രെ." ഇതെല്ലാം നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യരുടെ ഉപദേശങ്ങളും ആചാരങ്ങളും മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുന്നതാണ് എന്ന് സ്പഷ്ടമാക്കി തരുന്നു എന്നാണ്. ക്രിസ്തുവിനെ മാത്രം പിൻപറ്റിയാലേ നമുക്ക് ഐക്യത കൈവരിക്കുവാൻ സാധിക്കു. യേശുക്രിസ്തു അപ്പൊസ്തലന്മാർക്ക് വേണ്ടി മാത്രമല്ല പ്രാർത്ഥിക്കുന്നത്, അവരുടെ വാക്കുകൾ അഥവാ ഉപദേശം കൈക്കൊണ്ട് കർത്താവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുകയാണ്. "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്ന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നെ" (യോഹന്നാൻ 17:21)

. ഐക്യതക്കുള്ള ഘടകങ്ങൾ അപ്പൊസ്തലനായ പൗലൊസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു. അവിടെ പറയുന്നത് നമ്മെ സംബന്ധിച്ചും ബാധകമാണ് എന്ന കാര്യത്തിൽ സംശയമില്ല. "കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത് നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോ

ടുകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്ന വനുമായി, എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" എഫെസ്യർ 4:1-6). ഐക്യതക്ക് വേണ്ടിയുള്ള ഒരു അഭ്യർത്ഥനയാണ് ഇത് എന്ന കാര്യത്തിൽ സംശയമില്ല,

എന്നാൽ സഭയെ സംബന്ധിച്ച് കർത്താവ് മുന്നറിയിച്ചത്, "ഞാൻ എന്റെ സഭയെ പണിയും" എന്നാണ് (മത്തായി 16:18). സഭ എന്നത് ആത്മിയമായി കർത്താവിന്റെ ശരീരമാണ്. ആ ശരീരം ഒന്നു മാത്ര മാണെന്ന് പറഞ്ഞിരിക്കയാൽ തെറ്റിദ്ധരിക്കേണ്ട ആവശ്യമില്ല. ക്രിസ്തുവിന്ന് രണ്ട് തലയോ രണ്ട് ശരീരമോ ഉള്ളതായി ആരും പറയുകയില്ലല്ലോ. സഭയെ ദൈവത്തിന്റെ ആലയം, ഭവനം എന്നി ങ്ങനെ ചിത്രീകരിച്ചിരിക്കുന്നു. വിവാഹത്താൽ ഭവനമായി തീരേണ്ട തിനാണല്ലോ ദൈവം കുടുംബം സ്ഥാപിച്ചിരിക്കുന്നത്. അതുപോലെ ക്രിസ്തുവുമായി വിവാഹനിശ്ചയത്താൽ നാം അവനോട് ചേരുന്നത് അവന്റെ ഏക ഭവനത്തിലാകുന്നതിനാണ്. അപ്പോൾ സഭ ക്രിസ്തു വിന്റെ മണവാട്ടി എന്നു പറഞ്ഞിരിക്കുന്നത് അന്വർത്ഥമാകും. സഭ എന്നത് ക്രിസ്തുവിന്റെ രാജ്യമാണ്. അല്ലെങ്കിൽ അവന്റെ വാഴ്ച യാണ്. അവന് ഒന്നിലധികം രാജ്യങ്ങളില്ല. ഒരു രാജ്യമായാലും ഭവ നമായാലും തന്നിൽ തന്നെ ഛിദ്രിച്ചുപോയാൽ അതിന് നിലനിൽപില്ല എന്ന് കർത്താവ് അരുളിച്ചെയ്തത് മറക്കരുത്.

നിങ്ങൾ കർത്താവിന്റെ സഭയിലോ അതോ ഏതെങ്കിലും മാനു ഷിക നാമത്താൽ അറിയപ്പെടുന്ന നാമധേയ വിഭാഗത്തിലോ? ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. നിങ്ങൾ ക്രിസ്തുവിനെ ബഹുമാനി ക്കുന്നു എങ്കിൽ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കുവാൻ വിശ്വസമുണ്ടെങ്കിൽ താമസിക്കാതെ തീരുമാനം എടുക്കുകയും അവന്റെ കൽപനകൾ പ്രമാണിച്ച് രക്ഷിക്കപ്പെട്ട് അവന്റെ സഭയോട് ചേർക്കപ്പെടുവാൻ ദൈവം സഹായിക്കട്ടെ.

✶

# യേശു ക്രിസ്തു

## ഡാൻ ആർ ഓവെൻ

ചരിത്രത്തിനുപോലും നിഷേധിക്കാനാവത്ത യേശുക്രിസ്തുവിനെ നിങ്ങൾ വാസ്തവത്തിൽ മനസിലാക്കിയിട്ടുണ്ടോ? ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്ന ആളുകളുള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്ത്യാനിത്വത്തെ മാനിക്കാതെ, രക്ഷയെ അവഗണിച്ച്, സഭയെ കണക്കാക്കാതെ, തങ്ങൾക്ക് ബോധിച്ചപ്രകാരം ജീവിക്കുന്നവർ തങ്ങളുടെ പാപത്തിൽ തന്നെ ആണ് ജീവിക്കുന്നത്. അവർക്ക് യാതൊരു പ്രത്യാശയുമില്ല എന്ന നിഗമനത്തിലാണ് കഴിയുന്നത്. തെറ്റിദ്ധരിക്കപ്പെട്ട വിശ്വാസത്തിലാണ് അവർ നിലനിൽക്കുന്നത്. അവർ സംശയത്തിലും സാമൂഹ്യ സമ്മർദ്ദങ്ങളിലും, അവിശ്വാസത്തിലുമാണ് അവരുടെ ദിനചര്യകൾ തള്ളി നീക്കുന്നത്. യേശുക്രിസ്തുവിനെ തള്ളിക്കളയുന്നവർക്ക് രക്ഷകനെയും കർത്താവിനെയും ദൈവത്തെയുമാണ് നഷ്ടമാകുന്നത്. ദൈവം ജഡമായി തീർന്നു മനുഷ്യരുടെ രക്ഷക്കായി പ്രവർത്തിച്ചു. അവന്റെ രക്ഷാപദ്ധതിയാണ് ഭൂമിയിൽ ജീവിക്കുന്ന ഏതൊരാൾക്കും ആവശ്യം. മറ്റൊരു മാർഗം ഉണ്ടായിരുന്നുവെങ്കിൽ ദൈവം തന്റെ ഏകജാതനെ മരിക്കുവാനായി അനുവദിക്കുമായിരുന്നില്ല.

ഭൂമിയിൽ പാപങ്ങളെ മോചിച്ചുകൊടുപ്പാനുള്ള അധികാരം യേശുക്രിസ്തുവിന് മാത്രമാണുള്ളത്. അതുകൊണ്ടാണ് രക്ഷ ക്രിസ്തുവിൽ മാത്രമെന്നു പറയുവാൻ കാരണം. ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവം ആയിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. ആ വചനം ജഡമായി മനുഷ്യർക്കിടയിൽ വസിച്ചു (യോഹന്നാൻ 1:1-14). പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി ജീവിച്ചാണ് അവൻ പാപികളുടെ രക്ഷാപദ്ധതി പൂർത്തിയാക്കിയത്. ഇരുപത്തി ഒന്നു നൂറ്റാണ്ടുകളായി എതിർ ക്രിസ്തു പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. ഇത് ദൈവം തന്റെ വചനത്തിൽ മുന്നറിയിച്ചതനുസരിച്ചാണ് സംഭവിക്കുന്നത്. ക്രിസ്തുവിനെ കുറുച്ചുള്ള തെറ്റായ വീക്ഷണത്തിൽനിന്ന് ക്രിസ്തുവിന് എതിരായ നീക്കങ്ങൾ ആരംഭിച്ചു. ഉയർത്തെഴുന്നേറ്റ ക്രിസ്തു ആളുകൾക്ക് പ്രത്യ

ക്ഷനായി താൻ ഇന്നും ജീവിക്കുന്നു എന്നു തെളിയിച്ചു. യേശുക്രിസ്തുവിന്റെ ദൈവികത്വത്തെയും കർത്തൃത്വത്തെയും എതിർക്കുന്നവർ എക്കാലവും ഉണ്ടായിട്ടുണ്ട്. "യേശുവിനെ സ്വീകരിക്കാത്ത ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല, അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്" (1യോഹന്നാൻ 4:3). യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവനല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനേയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു. പുത്രനെ സ്വീകരിക്കാത്തവന് പിതാവുമില്ല. പുത്രനെ സ്വീകരിക്കുന്നവനു പിതാവുമുണ്ട്. ഇന്നത്തെ എല്ലാ വിഭാഗങ്ങളും യേശുവിന്റെ വീക്ഷണത്തെ സ്വീകരിക്കാത്തവരാണ്.

ക്രിസ്തു ഒരിക്കലും ജഡത്തിൽ വന്നിട്ടില്ല എന്നും അവൻ സൃഷ്ടിക്കപ്പെട്ട ആത്മാവാണെന്നും പറയുന്ന വഞ്ചകന്മാർ ലോകത്തിലുണ്ട്. മനുഷ്യർ ഉണ്ടാക്കപ്പെട്ട മതങ്ങളിലെല്ലാം ജീവനില്ലാത്തതും തെളിവുകളില്ലാത്തതുമായ അനവധി ദൈവങ്ങളെ എടുത്തു കാണിക്കുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും മനുഷ്യരുടെ സങ്കൽപ കഥാപാത്രങ്ങൾ നിറഞ്ഞതാണ്. അവയൊന്നും യഥാർത്ഥത്തിലുള്ളവരല്ല എന്ന് ആ മതാദ്ധ്യക്ഷന്മാർ തന്നെ സമ്മതിക്കും. യേശു ഒരു വലിയ ഗുരുവും പ്രവാചകനും ആയിരുന്നു എന്ന് യെഹൂദ മതം പഠിപ്പിക്കുന്നു. യേശു ഒരു വലിയ പ്രവാചകൻ ആയിരുന്നൂ എന്നു ഇസ്ലാം മതവും പഠിപ്പിക്കുന്നു. മുകളിൽ പറഞ്ഞവയെല്ലാം യേശു ക്രിസ്തു ആണെന്ന വസ്തുത നിഷേധിക്കുന്ന സിദ്ധാന്തങ്ങളാണ്. എന്നാൽ ഇത്തരം വാദങ്ങൾക്ക് ഒന്നും ക്രിസ്തുവിന്റെ വാസ്തവത്തിലുള്ള അവസ്ഥക്ക് മാറ്റം വരുത്തുവാൻ കഴിയുകയില്ല. തന്നെയുമല്ല സത്യത്തെ മറെക്കുവാനും സാധ്യമല്ല.

ആധുനിക കാലത്ത് യേശു സെമിനാർ എന്ന പേരിൽ പഠനങ്ങൾ അവതരിപ്പിക്കുന്നതിൽ ചരിത്രപരമായ യേശുവിനെ സുവിശേഷങ്ങളിൽനിന്നു കാണണം, അപ്പൊസ്തലന്മാരുടെ പ്രവൃത്തികളിൽ ഏതാനും മാത്രമാണ് യേശുവിന്റെ പ്രസ്താവനകൾ തുടങ്ങി നിരവധി എതിർ വാദങ്ങൾ അവർ ഉന്നയിക്കുന്നു. യേശു ചെയ്ത അത്ഭുതങ്ങളെയും ഇക്കൂട്ടർ തള്ളിക്കളയുകയാണ്. പ്രാരംഭ സഭ ക്രിസ്തുവിനെ കുറിച്ച് അമാനുഷികമായ പലതും കൂട്ടിച്ചേർത്തിരി

ക്കുകയാണ് എന്ന നിഗമനത്തിലാണ് അവർ എത്തിച്ചേർന്നിരിക്കുന്നത്. യേശു ഒരിക്കലും മശിഹ ആണെന്ന് അവകാശപ്പെട്ടിരുന്നില്ല എന്ന് ആധുനിക എതിർവാദികൾ പറയുന്നു. പക്ഷെ നാം നോക്കേണ്ടത് തെളിവുകളാണ്. ആധികാരികമായ പഴയനിയമ വേദഭാഗങ്ങൾ മുന്നറിയിച്ചിരിക്കുന്നതെല്ലാം മശിഹയുടെ വരവിനെ കുറിച്ചാണ്. ആ സത്യം നിഷേധിക്കുവാൻ ആർക്കും കഴിയുകയില്ല. യേശു പറഞ്ഞ കാര്യങ്ങളെ അവഗണിച്ച് പറയാത്ത കാര്യങ്ങളെ എടുത്ത് അവനെ നിഷേധിക്കുന്നത് തികച്ചും പ്രതിഷേധാർഹമാണ്. അപ്പവും വീഞ്ഞും എടുത്ത് തന്റെ മാംസവും രക്തവും പ്രതിനിധാനം ചെയ്യുന്നു എന്നതും നിഷേധിക്കുന്നവരുണ്ട്. തന്റെ ശരീരം നുറുക്കപ്പെടുവാനും രക്തം ചിന്തുവാനും ഇരിക്കുന്ന യാഥാർത്ഥ്യത്തെ യേശു ശിഷ്യന്മാരെ ബോധ്യമാക്കുകയായിരുന്നു ചെയ്തത്.

മർക്കൊസിന്റെ സുവിശേഷത്തിൽ യേശു പറഞ്ഞതായി രേഖപ്പെടുത്തിയ 111 പ്രസ്താവനകളിൽ ഒന്നു മാത്രമാണ് എതിർവാദം ഉന്നയിക്കുന്നവർ വിശ്വസിക്കുന്നത്. അത് "ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും നൽകട്ടെ" എന്നതാണ് (മർക്കൊസ് 12:17). എന്തുകൊണ്ട് മറ്റുള്ളവയൊന്നും ആധികാരികല്ല എന്നു വിശദമാക്കുവാൻ അവർക്ക് കഴിയുന്നില്ല. യേശുവിന്റെ മൃതശരീരം മോഷ്ടിക്കപ്പെട്ടു എന്നുള്ള വാദം ഈ കാലത്തും ഉയർന്നു കേൾക്കുന്നു. അവർ യേശുവിന്റെ ഉയർത്തെഴുന്നേൽപിൽ വിശ്വസിക്കാത്തവരാണ്. അവർ അപ്പൊസ്തലന്മാരുടെ സാക്ഷിമൊഴികളും വിശ്വസിക്കുന്നില്ല. ഉയർത്തെഴുന്നേറ്റ ക്രിസ്തു നാൽപതു നാളോളം അഞ്ഞൂറിലധികം പേർക്ക് പ്രത്യക്ഷമായ വിവരണത്തെ അവർ അവഗണിച്ചിരിക്കുകയാണ്. പൗലൊസ് വിവരിക്കുന്ന ക്രിസ്തു അവന്റെ ഭാവനയിൽനിന്നും ഉരുത്തിരിഞ്ഞതാണെന്ന് പറയുന്നു. എന്നാൽ ചരിത്രകാരന്മാരുടെ രചനകളും ക്രിസ്തീയ സാഹിത്യ രചനകളും സാക്ഷ്യപ്പെടുത്തുന്ന വസ്തുതകളും ഭൂഗർഭ ഗവേഷകന്മാർ കുഴിച്ചെടുത്ത വസ്തുക്കളും നിഷേധിക്കുവാൻ അവർക്ക് കഴിയുമോ?

യേശുവിനെ ക്രൂശിൽ തറെക്കുവാൻ ഏൽപിച്ചുകൊടുത്ത നാടുവാഴി പിലാത്തൊസിനെ കുറിച്ചുള്ള വിവരണങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ വായിക്കുമ്പോൾ അത് സത്യമാണെന്ന് വിശ്വസിക്കുവാൻ എന്താണ് തടസം എന്നു മനസിലാകുന്നില്ല. യേശുക്രിസ്തുവിനെ

തിരെ സംസാരിക്കുന്നവരുടെ ചിന്താ ധാരകൾക്ക് സ്ഥിരതയില്ല എന്ന് എടുത്തു പറയാവുന്നതാണ്. തിരുവെഴുത്തിലെ വാമൊഴികൾ ദൈവ ശ്വാസിയമല്ല എന്ന ചിന്ത ഒരിക്കലും സ്ഥിരതയുള്ളതായിരുന്നില്ല. ചരിത്രകാരനായിരുന്ന ജോസെഫസ് യേശുവിന്റെ കന്യകാ ജന നം, വെള്ളത്തിന്മീതെ നടന്നത്, മരിച്ചവരെ ഉയർപ്പിച്ചത് എല്ലാം നട ന്നതായി സാക്ഷ്യപ്പെടുത്തുമ്പോൾ അവ ദൈവിക പ്രവൃത്തി അല്ലെ ങ്കിൽ പിന്നെന്താണ്? തിരുവെഴുത്തിലെ ചില ഭാഗങ്ങൾ നാം തള്ളി ക്കളയുകയും മറ്റുഭാഗങ്ങൾ വിശ്വസിക്കുകയും ചെയ്താൽ അത് യുക്തിരഹിതമായിരിക്കും. കാരണം എല്ലാ തിരുവെഴുത്തും ദൈവ ശ്വാസിയമാണെന്ന് ദൈവം തന്നെയാണ് വെളിപ്പെടുത്തിയിരിക്കു ന്നത്.

യേശുവിന്റെ അത്ഭുതങ്ങൾ ഒന്നും ആളുകളെ ആകർഷിക്കു ന്നതിനു വേണ്ടി ആയിരുന്നില്ല. ആളുകൾ കർത്താവിൽ വിശ്വസി ക്കേണ്ടതിനായിരുന്നു. സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന യേശു ചരിത്ര സത്യമാണെന്ന് ബൈബിളിനകത്തും പുറത്തുനിന്നുമുള്ള തെളിവുകൾ സാക്ഷ്യപ്പെടുത്തുമ്പോൾ ആളുകൾ സങ്കൽപങ്ങളി ലേക്കും ഭാവനകളിലേക്കും പോകുന്നത് വളരെ കഷ്ടം തന്നെയാ ണ്. യേശു മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ ക്രിസ്തു മുന്നറിയിച്ചതു പോലെ സഭ സ്ഥാപിക്കപ്പെട്ടു എന്നതും ചരിത്ര സത്യമാണ് (പ്രവൃ ത്തികൾ 2:22-47). അപ്പൊസ്തലന്മാരും ആദ്യ ക്രിസ്ത്യാനികളും ഉപദ്രവിക്കപ്പെട്ടപ്പോൾ അവർ എന്തുകൊണ്ട് രക്തസാക്ഷികളായി? എല്ലാ വാദഗതികളെയും നിഷ്പ്രഭമാക്കുന്നവയാണ് യേശുക്രിസ്തു വിനെ കുറിച്ചുള്ള വസ്തുതകളെല്ലാം. നമുക്ക് വേണ്ട രക്ഷയുടെ ദൈവമാണ് യേശുക്രിസ്തു.

യെഹൂദ ന്യായാധിപസഭ അപ്പൊസ്തലന്മാരോട് നിങ്ങൾ എന്ത ധികാരത്തിൽ, ആരുടെ നാമത്തിലാണ് ഇതെല്ലാം ചെയ്യുന്നത് എന്ന് ചോദിച്ചതിന്, ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷി ക്കപ്പെടുവാൻ യേശുക്രിസ്തുവിന്റെ നാമം അല്ലാതെ മറ്റൊരു നാമം ഇല്ല എന്നായിരുന്നു മറുപടി പറഞ്ഞത്. മനുഷ്യർക്ക് ആവശ്യമായ ദൈവിക സന്ദേശം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കയാണ്.

✶

# സന്ദർഭത്തിൽ നിൽക്കുക

## ;ചാൾസ് ഹോഡ്ജ്

ബൈബിൾ വായിക്കുമ്പോഴും പഠിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ശ്രദ്ധിക്കേണ്ട പൊതുവായ സത്യം നാം മനസിലാക്കിയിരിക്കണം. ഇന്ന് ലോകത്തിൽ നിരവധി സുവിശേഷകന്മാരും പ്രാസംഗികരും ഉണ്ട്. ബൈബിളിലെ ഏതെങ്കിലും ഒരു വാക്യം എടുത്ത് പ്രസംഗത്തിൽ എന്തെല്ലാം പറയാമോ അതെല്ലാം പറയുന്നു. വേറെ ചിലർ സന്ദർഭത്തിന് യോജിക്കാത്ത വാക്യങ്ങൾ എടുത്ത് സംസാരിക്കും. ബൈബിളിൽ പല വാക്യങ്ങളും എടുത്ത് അങ്ങനെ തെറ്റായി ഉപയോഗിക്കുന്നതു കാണാം. അവയിൽ ഏതാനും വാക്യങ്ങൾ നമുക്ക് പരിശോധിക്കാം. "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്ന് വിധിക്കരുത്" (മത്തായി 7:1). ലോകത്തുള്ളവരും, പാപികളും കപടഭക്തിക്കാരും ഒരുപോലെ ഇഷ്ടപ്പെടുന്ന വേദഭാഗമാണ് അത്. അവർക്ക് ആ വേദഭാഗം അറിയാം. പക്ഷെ അതിന്റെ സന്ദർഭം അവർ പരിശോധിക്കാതിരിക്കുകയോ, അല്ലെങ്കിൽ ആ വേദഭാഗത്തിന്റെ മുൻപും പിൻപും വായിക്കാതെ വിട്ടുകളയുകയോ ചെയ്യുന്നു. സാത്താനെ പോലെ പാപികളും അവരെ ന്യായീകരിക്കുന്നതിന് തിരുവെഴുത്ത് ഉദ്ധരിക്കുമെന്ന് ഓർക്കുക.

നിങ്ങൾ ആരാണ് എന്നെ വിധിക്കുവാൻ? നിങ്ങൾ ഒരു പാപവും കൂടാതെയാണോ ജീവിക്കുന്നത്? എന്നെ എന്റെ വഴിക്ക് വിട്ടേക്കുക, നിങ്ങൾ എന്റെ കാര്യത്തിൽ ഇടപെടേണ്ട തുടങ്ങിയ ഒരുപാട് വ്യായവാദങ്ങളും തർക്കങ്ങളും നമുക്ക് കേൾക്കുവാൻ കഴിയും. യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ സന്ദർഭം അവർ ത്യജിച്ചിരിക്കുകയാണ്. ക്രിസ്ത്യാനിത്വം ഉള്ളിൽനിന്നാണ് ആരംഭിക്കുന്നത്, പിന്നെയാണ് പുറമെ വരുന്നത്. ദൈവം ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ്. ഒരു മനുഷ്യന്റേയും ഉള്ളിലുള്ള വിചാരങ്ങൾ എന്തെന്ന് മറ്റാർക്കും അറിയുകയില്ല. പുറമെ കാണുന്നത് മാത്രമെ നമുക്ക് അറിയാവു. മറ്റുള്ളവരുടെ സാഹചര്യം പൂർണ്ണമായി നമുക്ക് അറിയുവാൻ കഴിയുകയില്ല. ശരിയായത് ചെയ്യുവാൻ നാം ശരിയായിരിക്കണം. നമ്മുടെ ആന്തരിക മനുഷ്യൻ ശരിയാകാത്തിടത്തോളം പുറമെയുള്ള പ്രവൃത്തികൾ ശരിയായിരിക്കുകയില്ല. അതുകൊണ്ടാണ് കർത്താവ് വീണ്ടും ജനിച്ചില്ല എങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല എന്ന് കൽപിച്ചിരിക്കുന്നത്. ദൈവത്തിന്റെ കാഴ്ച്ചപ്പാടും മനോഭാവവും വെളിപ്പെടുത്തിയിരിക്കുന്നത് നമ്മുടെ കാഴ്ച്ച ശരിയായിരിക്കുവാനാണ്. നമ്മുടെ ബുദ്ധി കർത്താവ്

തന്നെയാണ് തുറക്കേണ്ടത്. നമ്മുടെ കഴിവിലും ബുദ്ധിയിലും ആശ്രയിക്കരുത് എന്ന് ദൈവം നമ്മെ മുന്നറിയിച്ചിരിക്കുന്നത് മറക്കരുത്. ആർക്കും സ്വയം ന്യായകർത്താവാകുവാനോ അല്ലെങ്കിൽ വിധിച്ച് ശിക്ഷ നടപ്പാക്കുവാനോ ഒരു മനുഷ്യനും അധികാരമോ അവകാശമോ ഇല്ല. അത് നിഗളഭാവമായിട്ടേ കാണുവാൻ കഴിയു. ക്രോണിക്ക് എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ഉയർന്ന വിമർശകൻ എന്നാണ്. ചില ആളുകൾ എന്തിനേയും വിമർശിക്കും. ശരിയായ അറിവുണ്ടായാലും ഇല്ലെങ്കിലും അവർ വിമർശിക്കും. നാം കുറ്റം കണ്ടുപിടിക്കുന്നവരാകാതെ ആളുകളെ സഹായിക്കുന്നവരാകണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ന്യായം വിധിക്കുവാനായി ഒരു മനുഷ്യനും യോഗ്യതയില്ല എന്ന് യേശു വ്യക്തമാക്കിയിരിക്കുന്നു. കാരണം എല്ലാവരും പാപം ചെയ്യുന്നവരാണ്.

അതിനർത്ഥം ന്യായവിധി നടത്തുവാൻ ഒരു മനുഷ്യനും അത്ര നല്ലവരായിട്ടില്ല. വിധിക്കുന്നവർ പലപ്പോഴും വിചാരിക്കുന്നത്. ഞാൻ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠനാണ് അല്ലെങ്കിൽ ശ്രേഷ്ഠയാണ് എന്നാണ്. ഒരാൾ മറ്റൊരാളെ വിധിക്കുന്നതിനു മുൻപ് സ്വയം വിധിക്കുവാനായി തയ്യാറാകണം. അതിന് ആളുകൾ തയ്യാറാകുന്നില്ല എന്നതാണ് പരമാർത്ഥം. കാപട്യത്തോടുകൂടിയുള്ള പ്രസ്താവനകൾ അപകടം വരുത്തി വെക്കും. നാം കാഴ്ച്ചപ്രകാരമോ മറ്റുള്ളവരുടെ വാക്കുകൾ വിശ്വസിച്ചോ ആളുകളെ വിധിക്കുന്നത് ശരിയായിരിക്കുകയില്ല എന്നാണ് യേശു പറഞ്ഞത്. മറിച്ച് കർത്താവിന് ഓരോരുത്തരുടേയും അന്തരംഗം അറിയാവുന്നതുകൊണ്ട് അവനാണ് വിധിപ്പാൻ യോഗ്യൻ എന്നു വ്യക്തമാക്കുന്നു. നാം ഓരോരുത്തരും ബൈബിൾ നന്നായി വായിക്കയും മനസിലാക്കുകയും വേണം. ക്രിസ്തുവിന്റെ പരിജ്ഞാനത്തിലാണ് നാം വളരേണ്ടത്.

സന്ദർഭം മുഴുവൻ വായിച്ചിട്ട് വേണം വേദഭാഗത്തിന്റെ അർത്ഥം മനസിലാക്കുവാൻ. സന്ദർഭത്തിനു യോജിക്കാത്ത വിധത്തിൽ നാം വേദഭാഗങ്ങളെ ഉപയോഗിക്കരുത്. പന്നികളുടെ മുമ്പിൽ മുത്തുകൾ വിതറരുത് എന്ന് യേശു പറഞ്ഞിരിക്കുന്നു. കാരണം പന്നികൾക്ക് മുത്തുകളുടെ വില വിവേചിക്കുവാനുള്ള കഴിവില്ല. ശരിയായ വഴിയും തെറ്റായ വഴിയും ഉണ്ട് എന്നും നേരായ വഴി ഇടുങ്ങിയതാണെന്നും ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നു. ബഹുഭൂരിപക്ഷം ആളുകളും തെറ്റിനെയാണ് പിൻപറ്റുന്നത്. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ എന്ന് കർത്താവ് മുന്നറിയിച്ചിരിക്കുന്നു. മൂപ്പന്മാർക്ക് പോലും ചെന്നായ്ക്കളായി മാറുവാൻ കഴിയും. കർത്താവേ കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത് എന്നും പറഞ്ഞിരിക്കുന്നു.

✱

# ക്രിസ്തുവിന്റെ സഭ

## ഡാൻ ആർ ഓവെൻ

ദൈവം ജഡമായി ലോകത്തിൽ വന്നു ജനിച്ചതിന്റെ ഉദ്ദേശം ക്രിസ്തുവിന്റെ സഭ പണിയുക എന്നതായിരുന്നു. വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള വിഷയമാണ് സഭ. സഭ എന്ന സാഥാപനം ദൈവം ലോകസ്ഥാപനത്തിനു മുൻപ് ആവിഷ്ക്കരിച്ച പദ്ധതിയാണ് എന്നു കാണുമ്പോൾ അതിന്റെ പ്രാധാന്യം എത്ര വലുതാണെന്ന് മനസിലാകും. യേശു ദൈവപുത്രനാണെന്ന് കർത്താവിന്റെ ചോദ്യത്തിന് മറുപടിയായി ഏറ്റു പറഞ്ഞു. അപ്പോഴാണ് ''നീ പത്രൊസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും'' എന്ന് യേശു പ്രസ്താവിച്ചത്. ദൈവത്തിന്റെ അഭിഷിക്തനെ പഴയനിയമത്തിൽ അങ്ങനെയാണ് അറിയപ്പെട്ടിരുന്നത്. മശിഹ എന്ന വാക്ക് ഗ്രീക്കിൽ ക്രിസ്തു എന്നാണ്. ശൗൽ രാജാവിനെ ദാവീദ് ദൈവത്തിന്റെ അഭിഷിക്തനായിട്ടാണ് വിളിച്ചത്. ക്രിസ്തു യഹോവയാൽ അഭിഷിക്തനായ രാജാവാണ് (1 ശമുവേൽ 26:9, 16). "നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നു സങ്കീർത്തനത്തിൽ ദൈവം യേശുക്രിസ്തുവിനെ കുറിച്ച് പറയുന്നു (സങ്കീർത്തനങ്ങൾ 2:7).

പഴയനിയമത്തിൽ ശലോമോനോട് ദൈവം അരുളിച്ചെയ്തത് എന്തെന്നാൽ, "ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും. നിന്റെ മുൻ വാഴ്ച്ചക്കാരനോട് എന്റെ കൃപ എടുത്തു കളഞ്ഞതുപോലെ ഞാൻ അതിനെ എടുത്തു കളകയില്ല" (1 ദിനവൃത്താന്തം 17:13). നഥനയേൽ യേശുവിനെ കുറിച്ച് പറഞ്ഞത്, "നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ് തന്നെ" എന്നാണ് (യോഹന്നാൻ 1:49). യേശു ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്ന് പത്രൊസ് തിരിച്ചറിഞ്ഞതിനാൽ അവൻ അവന്റെ വാഴ്ച്ചയിൽ വിശ്വസിക്കുകയും അവനെ തന്റെ രാജാവായി അവൻ സ്വീകരിക്കയും ചെയ്തു എന്ന് ചരിത്രം വെളിപ്പെടുത്തുന്നു. അവൻ പണിയുമെന്ന് പറഞ്ഞ സഭ അവന്റെ രാജ്യമാണ്. രക്ഷിക്കപ്പെട്ടവരെയാണ് കർത്താവ് സഭയോട് ചേർക്കുന്നത്. അവരെയാണ് അവൻ ഭരിക്കുന്നത്. അവന്റെ വാഴ്ച്ച ആത്മിയവും എന്നേക്കുമുള്ളതുമാണ്. കർത്താവിന്ന് കീഴ്പ്പെടുന്നവരെയാണ് അവൻ വാഴുന്നത്. അവന്റെ സഭ ആത്മിയമാണ്. ലോകപ്രകാരമുള്ള ഒരു സ്ഥാപനവും അതിനോട്

ഉപമിക്കുവാനില്ല. രക്ഷിക്കപ്പെട്ട് കർത്താവിന്റെ സഭയോട് ചേർക്കപ്പെട്ടവരെല്ലാവരും അവന്റെ ഭരണത്തിനായി തങ്ങളെ തന്നെ ഏൽപിച്ചു കൊടുത്തവരാണ്. യേശു മരിച്ച് ഉയർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ യെഹൂദ പെരുന്നാളായ പെന്തെകൊസ്തു നാളിലായിരുന്നു സഭയുടെ ആരംഭം. അത് യെരുശലേമിലായിരിക്കുമെന്ന് ദൈവം മുൻനിശ്ചയിച്ചിരുന്നു. ക്രിസ്തുവിന്റെ സുവിശേഷം അന്നാണ് അവന്റെ ശിഷ്യന്മാർ ആധികാരികമായി പ്രസംഗിച്ചത്. അവനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു എന്നും അവർ പ്രസംഗിച്ചു (പ്രവൃത്തികൾ 2:36). അവന്റെ വാഴ്ച്ചക്കുള്ള നിബന്ധനകൾ അനുസരിച്ചവരെയാണ് അവൻ തന്റെ സഭയോട് ചേർക്കുന്നത് (പ്രവൃത്തികൾ 2:47).

യേശുവിന്റെ മരണവും ഉയിർപ്പും ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയുടെ അവസാനഭാഗമായിരുന്നു. അത് യാതൊരു വ്യത്യാസവുമില്ലാതെ പൊതുവായ വിശ്വാസവും അനുസരണവുമായി തീർന്നു. യഥാർത്ഥത്തിൽ മാനസാന്തരപ്പെടുന്നവർക്കും യേശുവിന്റെ നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏൽക്കുന്നവർക്കുമാണ് വിശുദ്ധീകരണം ലഭിക്കുന്നത്. ക്രിസ്തുവിന്റെ ഉപദേശം തെറ്റുകൂടാതെ പ്രസ്താവിക്കുവാൻ ക്രിസ്തു തന്റെ ആത്മാവിനെ അവരിൽ അയച്ചിരുന്നു. അതുകൊണ്ട് അവർ സകല സത്യവും മറന്നു പോകാതെ അറിയിച്ചിരിക്കുന്നു. സഭ ആരംഭിച്ച സമയത്ത് അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് കൂട്ടായ്മ ആചരിച്ച് അപ്പം നുറുക്കി പോന്നു. അവരെല്ലാം അതിൽ തൃപ്തരായിരുന്നു. വചനത്തോട് ഒന്നും കൂട്ടു ചേർക്കുകയോ വചനത്തിൽനിന്ന് എന്തെങ്കിലും എടുത്തു മാറ്റുകയോ ചെയ്തില്ല. കാരണം അങ്ങനെ ചെയ്താലുള്ള ശിക്ഷയെ അവർ അറിഞ്ഞിരുന്നു. കർത്താവിന്റെ സഭയോട് ചേർക്കപ്പെട്ടവരെ വിശ്വാസികൾ, ശിഷ്യന്മാർ, ക്രിസ്ത്യാനികൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് (പ്രവൃത്തികൾ 5:17; 6:7; 14:21).

അവർ കൂടി വന്നിരുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു (പ്രവൃത്തികൾ 20:7). അവർ കർത്താവിന്റെ കൽപനപ്രകാരം കർത്തൃമേശ എടുക്കുവാൻ കൂടി വന്നപ്പോൾ, പാട്ടു പാടുകയും പ്രാർത്ഥിക്കുകയും ധർമ്മശേഖരം നടത്തുകയും ചെയ്തിരുന്നത് ദൈവ വചനപ്രകാരം ആയിരുന്നു(1 കൊരിന്ത്യർ 16:1, 2). ഓരോ ഇട

വകയിലെയും തിരഞ്ഞെടുക്കപ്പെട്ട മൂപ്പന്മാരുടെ കീഴിലായിരുന്നു അംഗങ്ങളെല്ലാവരും പ്രവർത്തിച്ചിരുന്നത് (പ്രവൃത്തികൾ 14:22, 23, 20:17, 28; തിത്തൊസ് 1:5). അപ്പൊസ്തലന്മാരും പ്രവാചകന്മാരും ദൈവകൽപനപ്രകാരം ദൈവശ്വാസിയമായി വചനം പൂർണ്ണമായി എഴുതി വിശ്വസ്തരായ ശിഷ്യന്മാരെ ഏൽപ്പിക്കുകയും അവർ അത് എല്ലാ സഭകൾക്കും വിതരണം ചെയ്യുകയും ചെയ്തു. അങ്ങനെ കൈമാറി കിട്ടിയ ക്രിസ്തുവിന്റെ അതേ സന്ദേശം മായം കലരാതെ ഇന്നും ആളുകൾ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ അതേ ഫലം തന്നെയായിരിക്കും ഉണ്ടാകുക.

പലപ്പോഴും അങ്ങനെ അനുസരിച്ച കൂട്ടത്തെ "സഭ" എന്നു വിളിച്ചിരുന്നു (പ്രവൃത്തികൾ 8:1). തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയ ദൈവത്തിന്റെ സഭ എന്നും വിളിച്ചിരിക്കുന്നു (പ്രവൃത്തികൾ 20:28). ചിലപ്പോൾ ഇടവകകളെ എല്ലാം ചേർത്ത് ക്രിസ്തുവിന്റെ സഭകൾ എന്നും അറിയപ്പെട്ടിരുന്നു (റോമർ 16:16). ആ സംഘത്തിന് പ്രത്യേകമായ അവകാശങ്ങളും അനുഗ്രഹങ്ങളും ഉള്ളതിനാൽ "സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ" എന്നും രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 12:23). മുകളിൽ പറഞ്ഞ എല്ലാ വിവരണങ്ങളും ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന ഒരേ സംഘങ്ങൾക്കുള്ളതാണ്. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾക്കെല്ലാം ചില പ്രവൃത്തികൾ നൽകിയിട്ടുണ്ട്. ദൈവത്തെ ആരാധിക്കുവാൻ ഒരു മാതൃക നൽകിയിരിക്കുന്നു. അപ്പം നുറുക്കൽ അഥവാ കർത്തൃമേശ സ്വീകരിക്കൽ അതിൽ പെടുന്ന കൽപനയാണ് (പ്രവൃത്തികൾ 2:42; 1 കൊരിന്ത്യർ 11:17-34). അവർ കൂടി വന്ന് ആത്മിയ ഗീതങ്ങൾ ആലപിച്ചിരുന്നു (എഫെസ്യർ 5:19; കൊലൊസ്യർ 3:16; എബ്രായർ 13:15).

പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ സഭയുടെ ആരാധനയിൽ ഒരിക്കലും ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ട് പാടിയിരുന്നില്ല. ക്രിസ്തു അതു കൽപിക്കുകയോ അപ്പൊസ്തലന്മാർ അത് പഠിപ്പിക്കുകയോ ഒന്നാം നൂറ്റാണ്ടിലെ സഭ ഉപകരണങ്ങൾ ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല. അവർ ഊന്നൽ കൊടുത്തിരുന്നത് ആത്മിക പ്രബോധനങ്ങൾക്കും അന്യോന്യമുള്ള ഉത്തേജനത്തിനും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുമായിരുന്നു. എല്ലായിടത്തും

പ്രാർത്ഥിച്ചിരുന്നത് പുരുഷന്മാരായിരുന്നു (1 തിമൊഥെയൊസ് 2:8).വിശുദ്ധന്മാരുടെ സർവ്വസഭായോഗങ്ങളിലും സ്ത്രീകൾ മൗനമായിരിക്കുവാനുള്ള നിർദ്ദേശം അവർ പാലിച്ചിരുന്നു ( 1 കൊരിന്ത്യർ 14:34). ഉപദേശം അഥവാ പ്രസംഗം അന്ന് എബ്രായ ഭാഷയിലെ പഴയനിയമ വേദഭാഗങ്ങളും അപ്പൊസ്തലന്മാരുടെ പുതിയ നിയമ ഉപദേശങ്ങളും ഉൾപ്പെടുത്തിയാണ് അന്ന് നൽകിയിരുന്നത്. അത് തന്നെയാണ് നാം ഇന്നും തുടരേണ്ടത്. പഴയനിയമം നമ്മുടെ ബുദ്ധിയുപദേശത്തിനും പുതിയ നിയമം കൽപനയായി നാം അനുസരിക്കേണ്ടതിനുമാണ് വെച്ചിരിക്കുന്നത്. ഇന്ന് നമ്മെ ഒരു നിയമമായി ബാധിക്കുന്നത് പുതിയ നിയമമാണ് എന്ന കാര്യം പ്രത്യേകമായി ശ്രദ്ധിക്കുക.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സഭ കൂടി വന്നപ്പോൾ തങ്ങൾക്കുള്ളത് ചരതിച്ചു വെച്ച് കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെയോ മൂപ്പന്മാരുടെയോ കാൽക്കൽ വെക്കുമായിരുന്നു (1 കൊരിന്ത്യർ 16:1, 2). അത് വിശുദ്ധന്മാരുടെ മുട്ട് തീർക്കുന്നതിനും സുവിശേഷപ്രചാരത്തിനും ആയിരുന്നു ഉപയോഗിച്ചിരുന്നത്. ഓരോ പ്രാദേശിക ഇടവകയും കൂടി തീരുമാനം എടുത്താണ് അവ ഉപയോഗിക്കേണ്ടത്. പണത്തിന്റേയും വസ്തുവകകളുടെയും പേരിലാണ് പ്രശ്നങ്ങൾ നേരിടുന്നത്. പുതിയ നിയമ സഭയുടെ ആരംഭഘട്ടത്തിൽ അവർ സ്വീകരിച്ച മാതൃക നമുക്കും സ്വീകരിക്കാവുന്നതാണ്. ദൈവകൃപയിലും കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലുമാണ് ഓരോ ഇടവകയും വളരേണ്ടത്. ദൈവ സന്ദേശം വിശ്വസ്തരായി മനുഷ്യരെ ഉപദേശിപ്പാൻ വിശ്വസ്തരെയാണ് ഏൽപ്പിക്കേണ്ടത് എന്ന് വചനം നമ്മോട് നിർദ്ദേശിക്കുന്നു. ലോകത്തിൽനിന്നു വേർപെട്ട് ദൈവരാജ്യത്തിലേക്ക് പ്രവേശിച്ചിരിക്കുന്നവരാണ് കർത്താവിന്റെ സഭയിലുള്ളവർ. വിശുദ്ധിയും നിഷ്ക്കളങ്കതയുമുള്ളവരായി തീരുവാനാണ് ക്രിസ്തു നമ്മെ വിശുദ്ധീകരിച്ചിരിക്കുന്നത്. ഒരു ക്രിസ്ത്യാനിക്കും സഭയിൽനിന്ന് വേർപെട്ട് ഒറ്റക്ക് ആയിരിപ്പാൻ സാധ്യമല്ല. നമ്മെ അവൻ ശരീരത്തിന്റെ ഓരോ അവയവങ്ങളായി തീരുവാനാണ് കൂട്ടി ചേർത്തിരിക്കുന്നത്. പുതിയ നിയമത്തിൽ കൽപനയായോ മാതൃകയായോ ഉള്ളത് സ്വീകരിക്കുക.

✶

# ബൈബിൾ എന്തു പറയുന്നു!

## ഏഡി വൈറ്റൻ

ഏതൊരു ചോദ്യത്തിനും നാം ഉത്തരം പറയുവാൻ കടപ്പെട്ടിരിക്കുന്നു. സൗമ്യതയോടെ വേണം പ്രതിവാദം പറയുവാൻ എന്നതും പ്രത്യേകതയുള്ളതാണ്. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ നാൽപതു രാവും നാൽപതു പകലും ഉപവസിച്ചുകഴിഞ്ഞപ്പോൾ അവനു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു അവനെ പരീക്ഷിക്കുന്നതിനായി അവനോട് സംസാരിച്ചു. “മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു” എന്ന് യേശു ഉത്തരം പറഞ്ഞു (മത്തായി 4:4). യേശു ഭൂമിയിലായിരുന്നപ്പോൾ പിതാവിനോടുള്ള തന്റെ വിധേയത്വം പലപ്പോഴായി പ്രകടിപ്പിക്കുകയുണ്ടായി. അവൻ ദൈവമായിരുന്നു എങ്കിലും ദൈവപുത്രനും മനുഷ്യപുത്രനും ആയി ജീവിച്ചപ്പോൾ വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് പിതാവിന്റെ ഇഷ്ടപ്രകാരം മാത്രമായിരുന്നു ചെയ്തത്. അക്ഷരാർത്ഥത്തിൽ അവന്റെ ജീവിതം ദൈവേഷ്ടമായിരുന്നു.

“ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങി വന്നത്” എന്നാണ് ക്രിസ്തു പറഞ്ഞത് (യോഹന്നാൻ 6:38). തീർച്ചയായും നാം പറയുന്നതിനും ചെയ്യുന്നതിനും ഉള്ള അധികാരം തിരുവെഴുത്ത് ആയിരിക്കണം. അതുകൊണ്ടാണ് തിരുവെഴുത്ത് ശ്രദ്ധയോടെ വായിച്ചു മനസിലാക്കണം എന്നു പറയുന്നത്. സ്വർഗത്തിന്റെ പ്രതിനിധിയായി വന്ന കർത്താവ് ഭൂമിയിലായിരുന്നപ്പോൾ സ്വർഗീയ ഉപദേശത്തിന് വിരുദ്ധമായിട്ടല്ല സംസാരിച്ചത്. പിതാവിന്റെ അനുവാദത്തോടും അംഗീകാരത്തോടുമാണ് അവൻ ചെയ്തതെല്ലാം. അപ്പോൾ നമുക്ക് അതിലെന്തെങ്കിലും കൂടുതലോ കുറച്ചോ ചെയ്യുവാൻ കഴിയുമോ? ബൈബിൾ പറയുന്നതിൽനിന്ന് വളരെ കുറച്ചു വ്യത്യാസമാണെങ്കിൽ പോലും അതിനുള്ള അധികാരം നമുക്ക് ഇല്ല എന്നതാണ് വാസ്തവം. നാം നേരിടുന്ന സാഹചര്യങ്ങളിൽ നാം വെല്ലുവിളിയെ വൈകാരികമായാണോ നേരിടുന്നത്? അതോ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണോ എന്ന് ചിന്തിക്കുക.

സാധാരണ മനുഷ്യർക്ക് ബൈബിൾ പറയുന്നതിനോട് യോജിക്കുവാൻ കഴിയാത്തതായി പലതിനെയും ചൂണ്ടി കാണിക്കുന്നുണ്ട്. അതിലൊന്നാണ് സ്നാനം. ഒരു പുരുഷനെയോ അല്ലെങ്കിൽ സ്ത്രീയെയോ ഒരു പുരോഹിതൻ വെള്ളം തളിച്ചോ വെള്ളം കോരി ഒഴിച്ചോ സ്നാനപ്പെടുത്തുന്ന ചിത്രം നിങ്ങളുടെ മനസിലേക്ക് കൊണ്ടുവരിക. അതുപോലെ ഒരു ശിശുവിനെ കൊണ്ടുപോയി വെള്ളം തളിച്ച് ജ്ഞാനസ്നാനം കൊടുക്കുന്നത് മനസിൽ സങ്കൽപിക്കുക. എന്താണ് അതിലെ അപാകത? അത് ദൈവത്തിന്റെ അധികാരത്താൽ നടത്തപ്പെടുന്നതാണോ? അതോ മാനുഷിക പാരമ്പര്യത്താൽ നടത്തപ്പെടുന്നതാണോ? ദൈവികമായ കാര്യങ്ങൾ ദൈവം അരുളിച്ചെയ്തതുപോലെ വേണം ചെയ്യുവാൻ അല്ലെങ്കിൽ ദൈവപ്രസാദം ലഭിക്കുകയില്ല എന്നു മാത്രമല്ല, അത് നിഷ്പ്രയോജനവുമായി തീരും. തിരുവെഴുത്തിൽ സ്നാനം ഒരു കൽപനയായി രേഖപ്പെടുത്തിയിരിക്കുന്നതും അടക്കമൊയി നിർവ്വചിച്ചിരിക്കുന്നതുമാണ് (റോമർ 6:3-5).

ബൈബിൾ വായിച്ചുകൊണ്ടിരുന്ന ഒരാളോട് നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ എന്ന ചോദ്യത്തിന്, ആരെങ്കിലും പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ മനസിലാകും എന്നതായിരുന്നു പ്രതികരണം. ഫിലിപ്പൊസ് എന്ന സുവിശേഷകനോട് അയാൾ ചോദിച്ചു, ഇതാ വെള്ളം എനിക്ക് സ്നാനം ഏൽക്കുവാൻ എന്തു വിരോധം? അതിന് സുവിശേഷകൻ പറഞ്ഞത്, “നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം” എന്നായിരുന്നു (പ്രവൃത്തികൾ 8:36, 37). ഇവിടെ വായിക്കുന്ന ഷണ്ഡൻ ബൈബിളിലെ പൊരുൾതിരിച്ചുകിട്ടിയപ്പോൾ വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്തു. മുങ്ങൽ അല്ലാത്ത ഏതു വിധത്തിലുള്ള സ്നാനം ആയാലും വിശ്വസിക്കാതെ ചെയ്യുന്നതോ ചെയ്യിക്കുന്നതോ ആയാലും അത് ദൈവം അംഗീകരിക്കുകയില്ല. മനുഷ്യരുടെ ഉപദേശങ്ങളാണ് ആളുകളെ അധികവും വഴിതെറ്റിക്കുന്നത്. ഭക്തിയുള്ള പുരുഷന്മാരാണെങ്കിലും അവർ സൗകര്യത്തിനുവേണ്ടിയോ അല്ലെങ്കിൽ ആളുകളെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയോ പല കാര്യങ്ങൾ ചെയ്തുവരുന്നു. ബൈബിൾ പറയുന്നതിനു വിരുദ്ധമായിട്ടാണ് മനുഷ്യരുടെ ഉപദേശങ്ങളെല്ലാം നിലകൊള്ളുന്നത്. മാനുഷികമായ

കൽപനകളെ അവർ പഠിപ്പിക്കുകകൊണ്ട് എന്നെ വ്യർത്ഥമായിട്ടത്രെ നമസ്ക്കരിക്കുന്നത് എന്നാണ് കർത്താവ് അരുളിച്ചെയ്തത്. പുതിയ നിയമത്തിൽ ഒരേ ഒരു ഉപദേശം മാത്രമാണുള്ളത് എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അത് ക്രിസ്തുവിന്റെ ഉപദേശമാണ്. ക്രിസ്തുവിന്റെ ഉപേദശത്തിൽ നിലനിൽക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല (2 യോഹന്നാൻ 9, 10). ഞാൻ നിങ്ങളോട് കൽപിച്ചതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ ആകും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ പ്രമാണിക്കും എന്നും അവൻ അറിയിച്ചിരിക്കുന്നു. വിപരീതോപദേശങ്ങളെ ഖണ്ഡിച്ച് അപ്പൊസ്തലന്മാരെല്ലാവരും എഴുതിയിരിക്കുന്നത് നമ്മുടെ പ്രയോജനത്തിനാണ്. “ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങളാകട്ടെ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ ആകട്ടെ സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ” എന്നാണ് ഗലാത്യ ലേഖനത്തിൽ പൗലൊസ് പറഞ്ഞത് (ഗലാത്യർ 1:6-8).

ദൈവവചനത്തിനു വിരുദ്ധമായതെന്തും പിശാചിന്റേതാണ്. ദൈവശ്വാസിയ വചനമാണ് ആധികാരികമായി നാം സ്വീകരിക്കേണ്ടത്. പഴയനിയമ കാലത്ത് യിസ്രായേലിന്റെ ആശയും ആശ്രയവും യഹോവയുടെ വചനത്തിലായിരുന്നു. യെരുശലേം ദൈവാലയം ദൈവം വസിക്കുന്നതിനായി പണിതതായിരുന്നു. എന്നാൽ ഏ.ഡി. 70 ൽ അത് നശിപ്പിക്കപ്പെട്ടു. ദൈവത്തെ നമസ്ക്കരിക്കേണ്ടതു യെരുശലേമിലോ മറ്റേതൊരു മലയിലുമല്ല എന്ന നാഴിക വരുന്നു എന്ന കർത്താവിന്റെ മുന്നറിയിപ്പ് പ്രസക്തമായിരുന്നു (മത്തായി 24:1-34; എബ്രായർ 10:25). യേശു ക്രൂശിൽ മരിച്ചതിനാൽ ന്യായപ്രമാണം എന്ന ശത്രുത നീക്കി യെഹൂദന്മാരേയും ജാതികളേയും തന്നിൽ പുതുമനുഷ്യനാക്കി. കർത്താവിന്റെ സഭ ആരംഭിച്ചതുമുതൽ പല വിധത്തിൽ ആക്രമിക്കപ്പെട്ടുകൊണ്ടാണിരിക്കുന്നത്. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെട്ടപ്പോൾ അവർ ചിതറി ഓടിപ്പോയെങ്കിലും അവർ പോയ സ്ഥലങ്ങളിലെല്ലാം വചനം അറിയിച്ചുകൊണ്ടിരുന്നു. അതിനാൽ സഭ വ്യാപിച്ചു. ക്രിസ്തുവിന്റെ സഭയുടെ നിർമ്മലതയും വിശുദ്ധിയും കാത്തുസൂക്ഷിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടേയും കടമയാണ്. .

# യോസേഫിന്റെ അസ്ഥികൾ
## ദാനിയേൽ ഡെൻഹാം

പഴയനിയമം വായിക്കുന്ന ഏതൊരാളെയും അത്ഭുതപ്പെടുത്തുന്നതാണ് അവിടെ വിവരിക്കുന്ന സ്ത്രീപുരുഷന്മാരുടെ സംഭവങ്ങൾ. യോസേഫിന്റെ ജീവ ചരിത്രം ഒരു യഥാർത്ഥ മനുഷ്യൻ അഭിമുഖീകരിക്കുവാനിടയുള്ള കാര്യങ്ങളാൽ നിബിഢമാണ്. അവന്റെ ബാല്യം മുതൽ അവനെ കുറിച്ച് ദൈവത്തിനുള്ള ഉദ്ദേശം വെളിപ്പെടുത്തി കൊടുത്തിരുന്നു എന്ന പ്രത്യേകത കാണാം. അവന്റെ സഹോദരന്മാർ വെറുക്കപ്പെടുവാനും അവനെ മിസ്രയിം കച്ചവടക്കാർക്ക് വിൽക്കുവാനും തയ്യാറായത് അവന്റെ സ്വന്ത സഹോദരന്മാരായിരുന്നു. ഉൽപത്തി 50:22-26 വരെയുള്ള വേദഭാഗത്ത് യോസേഫിന്റെ അവസാന കാലഘട്ടത്തെ കുറിച്ച് വിവരിച്ചിരിക്കുന്നു. അവൻ നമ്മുടെ പൂർവ്വപിതാക്കന്മാരിൽ മഹാനായിരുന്നു. യോസേഫ് തന്റെ ആയുസിന്റെ അവസാനം ചില കൽപനകൾ നൽകിയിരുന്നതായി നമുക്ക് അവിടെ വായിക്കുവാൻ കഴിയും. അവൻ പറഞ്ഞത് വാക്യം 24-ൽ ഇപ്രകാരം കാണാം. "യോസേഫ് തന്റെ സഹോദരന്മാരോട്, ഞാൻ മരിക്കുന്നു; എന്നാൽ ദൈവം നിങ്ങളെ സന്ദർശിക്കുകയും ഈ ദേശത്തു നിന്നു താൻ അബ്രഹാമിനോടും യിസഹാക്കിനോടും യാക്കൊബിനോടും സത്യം ചെയ്ത ദേശത്തേക്ക് കൊണ്ടുപോകയും ചെയ്യും" എന്നു പറഞ്ഞു.

ദൈവം നിങ്ങളെ സന്ദർശിക്കുമ്പോൾ നിങ്ങൾ എന്റെ അസ്ഥികളെ ഇവിടെനിന്ന് കൊണ്ടുപോകേണം എന്നു പറഞ്ഞു. അതായത് മരണശേഷം അവന്റെ അസ്ഥികളെ അവർ മിസ്രയിമിൽനിന്ന് കനാൻ ദേശത്തേക്ക് കൊണ്ടുപോകുവാനായിരുന്നു അവൻ കൽപന കൊടുത്തത്. യോസേഫ് നൂറ്റിപ്പത്തു വയസുള്ളവനായി മരിച്ചു. അവർ അവന്നു സുഗന്ധവർഗം ഇട്ട് മിസ്രയിം സമ്പ്രദായപ്രകാരം ഒരു ശവപ്പെട്ടിയിൽ വെച്ചു. ഈ ചരിത്ര സംഭവത്തെ എബ്രായ ലേഖനത്തിൽ വിശ്വാസവീരന്മാരുടെ കൂട്ടത്തിൽ വിവരിച്ചിരിക്കുന്നു:"വിശ്വാസത്താൽ യോസേഫ് താൻ മരിപ്പാറായപ്പോൾ യിസ്രായേൽമക്കളുടെ പുറപ്പാടിന്റെ കാര്യം ഓർപ്പിച്ചു. തന്റെ അസ്ഥികളെ കുറിച്ച് കൽപന

കൊടുത്തു" (എബ്രായർ 11:22). അപ്പോൾ ഉൽപത്തിപുസ്തകത്തിൽ വിവരിച്ച സംഭവങ്ങൾ വിശ്വാസത്താൽ നടന്നതാണ് എന്ന് സ്പഷ്ടം. യോസേഫ് വലിയ ഒരു വിശ്വാസി ആയിരുന്നു. അത് അവൻ സ്വതന്ത്രനായിരുന്നപ്പോഴും പൊത്തിഫേറിന്റെ ഭവനത്തിലായിരുന്നപ്പോഴും, തടവിലായിരുന്നപ്പോഴും നമുക്ക് കാണുവാൻ കഴിയും. പരീക്ഷണങ്ങൾ ഒന്നൊന്നായി വിടാതെ സംഭവിച്ചിട്ടും അവന്റെ ഭക്തിക്കോ വിശ്വാസത്തിനോ മാറ്റം സംഭവിച്ചില്ല എന്നതായിരുന്നു അവന്റെ പ്രത്യേകത. അവസാനം അവൻ സഹോദരങ്ങളോട് പറയുന്ന അസ്ഥികളെ കുറിച്ചുള്ള കൽപന നമ്മെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു. ശരിയായ വിശ്വാസപ്രകടനം നമുക്ക് അതിൽ കാണാവുന്നതാണ്.

വാസ്തവത്തിലുള്ള വിശ്വാസം മരണത്തിനുമപ്പുറത്തേക്ക് കടക്കുന്നതാണ്. നൂറ്റിപ്പത്തു വയസ് വരെ ജീവിച്ച യോസേഫിന്റെ ജീവിതം സംഭവബഹുലമായിരുന്നു. അവന്റെ സാഹചര്യങ്ങൾ പലപ്പോഴും പ്രതികൂലവും അപകടം നിറഞ്ഞതുമായിരുന്നു. എന്നാൽ അവസാനം വിജയം അവന്റെ ഭാഗത്തായിരുന്നു. മരണത്തോളം അവൻ എല്ലാം സഹിച്ചു. ഓരോ പരീക്ഷണം കഴിയുന്തോറും യോസേഫിന്റെ സ്വഭാവ മേന്മ വർദ്ധിക്കുകയായിരുന്നു. തന്റെ മരണത്തോളം അവൻ തന്റെ വിശ്വാസം കാത്തു. പിൽക്കാലത്ത് അപ്പൊസ്തലനായ പൗലൊസും വിശ്വാസം കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മരണത്തിന് തൊട്ട് മുൻപ് ആളുകൾ സംസാരിക്കുന്നതിന് വലിയ പ്രാധാന്യം കൊടുക്കും. അത് അങ്ങനെ തന്നെ ചെയ്യുവാൻ ജീവിച്ചിരിക്കുന്നവർ ശ്രദ്ധിക്കും. മരിക്കുവാൻ പോകുന്ന വ്യക്തിയുടെ അന്തിമാഭിലാഷമായി അതിനെ കണക്കാക്കും. മരണത്തെ ഒരാൾ നേരിട്ടുകൊണ്ടിരിക്കുമ്പോൾ നോക്കിയിരിക്കുന്നവർക്ക് അയാളോട് സഹതാപവും കരുണയും തോന്നും.

മരിക്കുന്നതിന് മുൻപ് യോസേഫ് യിസ്രായേൽ മക്കളോട് ദൈവം വാഗ്ദാനം ചെയ്തത് ഓർമ്മിച്ചു. മിസ്രയിം അടിമത്വത്തിൽനിന്ന് അവരെ സ്വതന്ത്രമാക്കുമെന്നതായിരുന്നു ആ വാഗ്ദാനം. ദൈവത്തിന്റെ അരുളപ്പാടുകളിൽ യോസേഫിനുണ്ടായിരുന്ന ഉറപ്പ് ദൃഢമായിരുന്നു. അത് തീർച്ചയായും സംഭവിക്കും എന്നു യോസേഫ് പൂർണ്ണമായി വിശ്വസിച്ചിരുന്നു. വിശ്വസിക്കുന്നവർക്ക്

ദൈവത്തിന്റെ നന്മ അനുഭവിപ്പാൻ കഴിയും. തന്റെ ജനം പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്ക് പോകുമ്പോൾ അതിന്റെ ഭാഗമാകുവാൻ അവനു കഴിയണമെന്ന ആഗ്രഹമാണ് അവന്റെ കൽപനകളിൽ കാണുന്നത്. മിസ്രയിം അവനെ പ്രോൽസാഹിപ്പിച്ച അവരുടെ പിരമിഡുകളിലായിരുന്നില്ല അവന്റെ വിശ്വാസം, മറിച്ച് സ്വർഗീയ വാഗ്ദാനത്തിലായിരുന്നു അവന്റെ വിശ്വാസം. അവന്റെ ശ്രദ്ധ മുഴുവനും മരണശേഷമുള്ള അവസ്ഥയെ കുറിച്ചായിരുന്നു. സർവ്വശക്തന്റെ വാക്കുളിലായിരുന്നു അവന്റെ ആശ്രയം. കൂടാതെ ഭൗതികമായ കനാനിനപ്പുറമായിരുന്നു അവന്റെ നോട്ടം. അവന് സ്വർഗീയമായ ഒരു കാഴ്ച്ചപ്പാടുണ്ടായിരുന്നു. യഥാർത്ഥ വിശ്വാസം കാഴ്ച്ചക്കപ്പുറമുള്ളതാണ്.

നീതിമാന്മാർക്കായി ദൈവം ഒരുക്കിയിരിക്കുന്ന നിത്യപാർപ്പിടമായിരുന്നു അവന്റെ ലക്ഷ്യം. കാണുന്ന യാതൊന്നിലുമായിരുന്നില്ല അവന്റെ പ്രത്യാശ. യിസ്രായേൽ ജനത്തിന്റെ പുറപ്പാടിനെ മോശെ ആയിരുന്നു നയിച്ചുകൊണ്ടുപോയത്. അതേ മോശെ ഈ സംഭവത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക, "മോശെ യോസേഫിന്റെ അസ്ഥികളും എടുത്തുകൊണ്ടുപോന്നു. ദൈവം നിങ്ങളെ സന്ദർശിക്കും നിശ്ചയം; അപ്പോൾ എന്റെ അസ്ഥികളും നിങ്ങൾ ഇവിടെനിന്നും എടുത്തുകൊണ്ടുപോകേണം എന്നു പറഞ്ഞു യിസ്രായേൽമക്കളെക്കൊണ്ട് ഉറപ്പായി സത്യം ചെയ്യിച്ചിരുന്നു" (പുറപ്പാട് 13:19).

വാസ്തവത്തിലുള്ള വിശ്വാസം നന്മയിൽ ഊന്നൽ കൊടുക്കും. പാപത്തിൽ വഴുതിവീഴാതെ ഓടി ഒളിക്കുന്നതായിരിക്കും ശരിയായ വിശ്വാസം. മറ്റൊരു സ്വാധീനത്തിനും യഥാർത്ഥ വിശ്വാസിയെ കീഴ്പ്പെടുത്തുവാൻ സാധ്യമല്ല. ദൈവത്തെയും അവന്റെ വചനത്തെയും മുറുകെ പിടിക്കുന്നതായിരിക്കും ശരിയായ ഭക്തി. ദൈവം എപ്പോഴും വിശ്വസ്തനും സത്യവാനും ആയിരിക്കും. അവന്ന് ഭോഷ്ക്ക് പറയുവാൻ സാധ്യമല്ല. മരണത്തോളം വിശ്വസ്തനായിരുന്നാൽ ജീവകിരീടം തരാം എന്ന് കർത്താവ് നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്നു. നമുക്ക് കർത്താവിന്റെ മുന്നറിയിപ്പുകളെ പൂർണ്ണമായി വിശ്വസിക്കയും അതിനായി കാത്തിരിക്കയും ചെയ്യാം.

# ഏത് ധാർമ്മികത?

## ലാറി വി. സ്മിത്ത്

ലോകത്തിന്റെ ധാർമ്മികതയും ദൈവത്തിന്റെ ധാർമ്മികതയും വ്യത്യസ്തമാണ്. ധൈര്യമില്ലെങ്കിൽ ഒരു ധാർമ്മികതയുമില്ല എന്നാണ് ജീവിതം എന്നെ പഠിപ്പിച്ചത്. അതുപോലെ ഓരോരുത്തരുടേയും വ്യക്തിപരമായ ജീവിതം അവരെ ഓരോന്നു പഠിപ്പിക്കും. അത് ശരിയായിരിക്കണമെന്നില്ല. കാരണം മനുഷ്യരിൽനിന്നും അവരുമായുള്ള ബന്ധത്തിൽ നമുക്ക് ലഭിക്കുന്ന അനുഭവം തികച്ചും വ്യത്യസ്തമായിരിക്കും. ധൈര്യമില്ലെങ്കിൽ മറ്റെല്ലാ ഗുണങ്ങളും അർത്ഥശൂന്യമായിരിക്കും എന്നാണ് വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞത്. അങ്ങനെ മഹാന്മാരായ ആളുകളെല്ലാം ഇത്തരത്തിൽ ഓരോ തത്വം പറഞ്ഞിരിക്കുന്നു. നമുക്ക് ദൈവവചനത്തിൽ പറയുന്ന ധാർമ്മികതയാണ് ആവശ്യം. കാരണം ദൈവം പറയുന്നത് എല്ലാം അർത്ഥപൂർണ്ണവും ഉപയോഗപ്രദവും ആയിരിക്കും. ദൈവം സത്യവാനായതിനാൽ നമുക്ക് അവനെ പൂർണ്ണമായി വിശ്വസിക്കാം.

പ്രതികൂലമായ സാഹചര്യങ്ങളിൽ ധൈര്യമില്ലെങ്കിൽ നമുക്ക് എങ്ങനെ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പ്രകടിപ്പിക്കുവാൻ കഴിയും? നാം ചെയ്യേണ്ടതും ചെയ്യുവാൻ ആഗ്രഹിക്കുന്നതുമായ കാര്യങ്ങളിൽ നാം പലപ്പോഴും ഏറ്റുമുട്ടൽ അനുഭവപ്പെടുന്നു. അത് നമ്മുടെ കർത്തവ്യനിർവ്വഹണത്തിന്റെ കാര്യമാണ് ഞാൻ ഉദ്ദേശിച്ചത്. അപ്പൊസ്തലനായിരുന്ന പൗലൊസും ഇക്കാര്യത്തിൽ നമ്മെ പോലെ ആയിരുന്നു. "ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലൊ; ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ, അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രെ" (റോമർ 7:19, 20). ശരിയായത് ചെയ്യുവാൻ നമുക്ക് ധൈര്യം ആവശ്യമാണ്. നാം കാര്യകാരണസഹിതം കാര്യങ്ങളെ ശരിയായി വിവേചിക്കാത്തതു നിമിത്തമാണ് പ്രവർത്തിക്കരുതാത്തത് പ്രവർത്തിക്കയും പ്രവർത്തിക്കേണ്ടത് പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നത്.

നന്മ ചെയ്യണമെന്ന് നമുക്ക് വ്യക്തമായി അറിയാവുന്ന സാഹചര്യങ്ങളിൽ നാം അത് ചെയ്യാതെ അവഗണിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നു. പിന്നീട് അതിനെ ഓർത്ത് നാം പരിതപിക്കയും ചെയ്യും. പ്രചാരം നിമിത്തം മാറ്റം വരാത്തതാണ് നന്മയും തിന്മയും. ധാർമ്മികതയും അധാർമ്മികതയും ലോകത്തിൽ ആപേക്ഷികമാണെന്ന് വാദിക്കുന്നവരുണ്ട്. പക്ഷെ ദൈവത്തിന്റെ കാഴ്ച്ചപ്പാടിലുള്ള നന്മക്കും തിന്മക്കും ഒരു മാറ്റവും ഒരിക്കലും സംഭവിക്കുന്നില്ല എന്നത് പരമാർത്ഥമാണ്. നിങ്ങൾ ഒരാൾ മാത്രമാണ് നന്മ ചെയ്യുന്നതെങ്കിലും അത് നന്മ തന്നെയായിരിക്കും. മറ്റെല്ലാവരും തിന്മയാണ് ചെയ്യുന്നതെങ്കിലും അത് തിന്മ തന്നെയായിരിക്കും. നന്മയെ തിന്മയെന്ന് പ്രചരിപ്പിച്ചാൽ അത് തിന്മയാകുകയില്ല. തിന്മയെ നന്മയായി വിശേഷിപ്പിച്ചാലും അത് നന്മയാകുകയില്ല. ഇന്ന് സമൂഹത്തിൽ അധർമ്മം പെരുകിക്കൊണ്ടിരിക്കുകയാണ്. ധാർമ്മികത കുറഞ്ഞു വരികയാണ്.

അനീതി പ്രചാരത്തിലിരിക്കുമ്പോൾ നീതിക്ക് വേണ്ടി നിലകൊള്ളുവാൻ ധൈര്യം ആവശ്യമാണ്. അധർമ്മം പെരുകുന്നതുനിമിത്തം സൽപ്രവൃത്തികൾ ചെയ്യുവാൻ നാം മടിക്കരുത്. വ്യാജം നിറഞ്ഞിരിക്കുന്ന സമൂഹത്തിൽ വിശ്വാസയോഗ്യത നിലനിർത്തി ജീവിക്കുവാൻ നമുക്ക് ധൈര്യം വേണം. ആദരവും ബഹുമാനവുമില്ലാത്ത സമൂഹത്തിൽ ബഹുമതി കാത്തുകൊൾവാൻ നമുക്ക് ധൈര്യം വേണം. ബലഹീനർക്കും, അനാഥർക്കും, വിധവമാർക്കും വേണ്ടി ശബ്ദം ഉയർത്തുവാൻ ധൈര്യം കൂടിയേ തീരു. അവരെല്ലാം തങ്ങൾ കഴിവില്ലാത്തവരാണെന്ന വിധത്തിൽ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. ധനികരോട് ഒരു വിധത്തിലും ദരിദ്രരോട് വേറൊരു വിധത്തിലും പെരുമാറി വേർതിരിവ് കാണിക്കുന്നതിനെ ചെറുക്കുവാൻ നമുക്ക് ധൈര്യം ആവശ്യമാണ്. അവനോ അവൾക്കോ അതിന് യോഗ്യതയില്ല എന്നു പറയുന്ന സ്ഥാനത്ത് അവരോട് കരുണയും മനസലിവും ആർദ്രതയും കാണിക്കുന്നതിന് തീർച്ചയായും ധീരത കൂടിയേ തീരു.

നിയമത്തെ അവഗണിച്ച് ജീവിക്കുന്നവരാണ് അധികവും. അത് ഭൗതികമായ ലാഭത്തിനു വേണ്ടിയാണ്. സ്വന്ത താൽപര്യത്തെ കണക്കിലെടുക്കാതെ മറ്റുള്ളവരുടെ ഗുണത്തിനായി പ്രവർത്തിക്കണെ

മെങ്കിൽ അതിനു ധൈര്യം വേണമെന്ന കാര്യത്തിൽ തർക്കമില്ല. ലോകത്തിൽ ജീവിക്കുന്നവർക്കെല്ലാം ചിലത് തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. തെറ്റിനെ നിരാകരിച്ച് ശരിയായത് സ്വീകരിപ്പാനുള്ള മാനദണ്ഡം എന്താണ്? ഒരു സംഘത്തിലുള്ള ഒരാളെ അയാളുടെ തെറ്റിനെ പരിഹസിക്കുന്നത് നേരിടാത്തവർ ചുരുക്കമായിരിക്കും. നാമധേയ വിഭാഗത്തിൽ വർഷങ്ങളായി ജീവിക്കുന്ന ഒരാൾക്ക് അയാളുടെ മതപരമായ തെറ്റ് ബോധ്യമായി എന്നു വിചാരിക്കുക. അയാളുടെ മനസാക്ഷി അയാളെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. അയാൾക്ക് സത്യം അനുസരിക്കുവാൻ ധൈര്യം ആവശ്യമാണ്. കാരണം ആ തീരുമാനം അയാളെ ലൗകികമായി പല വിധത്തിൽ ബാധിച്ചേക്കാം.

സകല എതിർപ്പുകളുണ്ടായിരുന്നിട്ടും സത്യം അനുസരിച്ച് ജീവിച്ച ധാരാളം ഉദാഹരണങ്ങൾ നമുക്ക് തിരുവെഴുത്തിൽ വായിക്കുവാൻ കഴിയും. അബ്രഹാമിനോട് നിന്റെ പിതൃദേശത്തെയും ചാർച്ചക്കാരെയും വിട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക എന്നു പറഞ്ഞപ്പോൾ പോകുവാൻ അവനു ധൈര്യമുണ്ടായിരുന്നു (ഉൽപത്തി 12:1-9). ബാലിന്റെ യാഗപീഠം നശിപ്പിക്കുവാൻ ഗിദെയോന് ധൈര്യമുണ്ടായിരുന്നു (ന്യായാധിപന്മാർ 6:25-31). നെബൂഖെദ്നേസർ രാജാവ് ഉണ്ടാക്കിയ ബിംബത്തെ നമസ്ക്കരിക്കുവാൻ കൂട്ടാക്കാതിരുന്ന മൂന്നു എബ്രായ ബാലന്മാർ ധൈര്യശാലികളായിരുന്നു. പൂർണ്ണവിശ്വാസം നമുക്ക് ധൈര്യം നൽകും (ദാനിയേൽ 3:16-18). യെഹൂദ മതാധികാരികളേക്കാൾ ദൈവത്തെ അനുസരിക്കുവാൻ ധൈര്യം കാണിച്ചവരായിരുന്നു അപ്പൊസ്തലന്മാരായിരുന്ന പത്രൊസും യോഹന്നാനും (പ്രവൃത്തികൾ 4:19; 5:29). പഴയനിയമത്തിൽ യോശുവയും കാലേബും അസാമാന്യ ധൈര്യശാലികളായിരുന്നതുകൊണ്ട് അവർക്ക് കനാനിൽ പ്രവേശിക്കുവാൻ കഴിഞ്ഞു (സംഖ്യാപുസ്തകം 13:30; 14:6-12).

ദെബോരാ എന്ന സ്ത്രീയും ധൈര്യത്തോടെ ഒറ്റുകാരെ സംരക്ഷിച്ചു (ന്യായാധിപന്മാർ 4). ബാലനായിരുന്ന ദാവീദ് അജാനുബാഹുവായിരുന്ന ഗോല്യാത്തിനെ കല്ലും കവിണയും ഉപയോഗിച്ചു നേരിട്ടത് അസാധാരണമായ ധൈര്യത്തെയാണ് എടുത്തുകാണിക്കുന്നത് (1 ശമുവേൽ 17:32-50). സ്ത്രീകളിൽ വെച്ച് മറ്റൊരു ധീരവനി

തയായിരുന്നു എസ്ഥേർ (എസ്ഥേർ 4:8; 5:7). യെരുശലേമിന്റെ ഇടിഞ്ഞു കിടന്ന മതിൽ പണിയുവാൻ നെഹമ്യാവിന് അവന്റെ സമപ്രായക്കാരേക്കാൾ ധൈര്യമുണ്ടായിരുന്നു (നെഹെമ്യാവ് 6:10-13). ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു; നീതിമാന്മാരോ ബാലസിംഹം പോലെ നിർഭയമായി വസിക്കുന്നു (സദൃശവാക്യങ്ങൾ 28:1). "നീയോ മനുഷ്യപുത്രാ അവരെ പേടിക്കരുത്; പറക്കാരയും മുള്ളും നിന്റെ അരികെ ഉണ്ടായിരുന്നാലും തേളുകളുടെ ഇടയിൽ നീ പാർത്താലും അവരുടെ വാക്കുകൾ നീ പേടിക്കരുത്. അവർ മൽസരഗൃഹമല്ലൊ; നീ അവരുടെ വാക്ക് പേടിക്കരുത്. അവരുടെ നോട്ടം കണ്ട് ഭ്രമിക്കയുമരുത്" (യെഹസ്കേൽ 2:6).

അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നത്, "ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനിൽപിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ" എന്നാണ് ( 1 കൊരിന്ത്യർ 16:13). അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർക്ക് എഴുതിയത് രേഖപ്പെടുത്തിയിരിക്കുന്നത് "ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ ദൂരത്തിരുന്നു നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്ന് എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിന്ന് ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമാംവണ്ണം മാത്രം നടപ്പിൻ. ഇത് അവരുടെ നാശത്തിന്നും നിങ്ങളുടെ രക്ഷക്കും അടയാളം ആകുന്നു" എന്നാണ്(ഫിലിപ്പിയർ 1:27, 28). കഴിഞ്ഞ കാലയളവിലെല്ലാം ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിച്ചിരിക്കുന്നതായി നമുക്ക് അറിയാം. ആകയാൽ ഭാവിയിൽ എന്തു സംഭവിച്ചാലും നാം വിശ്വസ്തരായി ജീവിച്ചാൽ ദൈവം അനുഗ്രഹിച്ചുകൊണ്ടേയിരിക്കും എന്നു നമുക്ക് ഉറപ്പിക്കാം.

നാം ക്രിസ്തുവിൽ ഉറച്ച് നിന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു ഒരു ശക്തിക്കും നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല (റോമർ 8:31). നാം ദൈവത്തിൽ ആശ്രയിച്ച് ജീവിച്ചാൽ അവൻ നമ്മോടുകൂടെയിരിക്കും. അവന്റെ വാഗ്ദാനങ്ങളെല്ലാം ഉറപ്പുള്ളതാണ്. "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടേയും സ്നേഹത്തിന്റേയും, സുബോധത്തിന്റേയും ആത്മാവിനെയത്രെ അവൻ നമ്മിൽ തന്നിരിക്കുന്നത്.

# *Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!